പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 203 26.03.2013 ൽ മറുപടിക്ക്

# കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി<br>,, എ. കെ. ബാലൻ<br>,, ബാബു. എം. പാലിശ്ശേരി<br>,, എസ്. രാജേന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ഏതെല്ലാം വൈദ്യുത പദ്ധതികൾക്കാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (എ) അതിരപ്പള്ളി ജലവൈദ്യുത പദ്ധതി (163 MW), ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (7.50 MW), പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW), അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി (30 MW) എന്നീ ജലവൈദ്യുത പദ്ധതികൾക്കാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത അനുമതിക്കുവേണ്ടി അപേക്ഷിച്ചവയിൽ താപ വൈദ്യുത നിലയങ്ങൾ ഉൾപ്പെടുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും അനുമതി നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; | (സി) **അതിരപ്പള്ളി ജലവൈദ്യുത പദ്ധതി**<br>പ്രസ്തുത പദ്ധതിയ്ക്ക് അന്തിമ പാരിസ്ഥിതിക അനുമതി, ഇതിനായി പ്രത്യേകം നിയോഗിച്ച ഡോക്ടർ കസ്തൂരി രംഗൻ സമിതിയുടെ റിപ്പോർട്ടിന്റെ ശുപാർശ പ്രകാരം പരിഗണിക്കുന്നതാണ്.<br>**ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി**<br>പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ 8 ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്. |

(---2)

<u>**പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി**</u>

പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ 4.92 Ha വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി വിട്ടുകിട്ടുന്നതിനുള്ള സംസ്ഥാനത്തിന്റെ അപേക്ഷയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാം ഘട്ട അനുമതി നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്.

<u>**അച്ചൻ കോവിൽ ജലവൈദ്യുത പദ്ധതി**</u>

പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഒന്നാം ഘട്ട പാരിസ്ഥിതിക അനുമതി നൽകിയിട്ടുണ്ട്. അന്തിമ അനുമതിയ്ക്കുള്ള അപേക്ഷ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(ഡി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയ്ക്കും കേന്ദ്ര പരിസ്ഥിതി മന്ത്രിയ്ക്കും നിവേദനങ്ങൾ സമർപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ സംസ്ഥാന വിദ്യുച്ഛക്തി ബോർഡും തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**